18 (*74) നികുതി പിരിവ് ഊർജ്ജിതമാക്കാൻ നടപടി

ശ്രീ. എം. ദാസൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പി.ടി. കുഞ്ഞി മുഹമ്മദ് :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടികളുടെ ഫലമായി ഈ രംഗത്തുണ്ടായ നേട്ടം വെളിപ്പെടുത്തുമോ;

(സി) വില്പന നികുതിയിനത്തിൽ കുടിശ്ശികയായി കിടക്കുന്ന തുക പിരിച്ചെടുക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളും, സഹകാര്യസ്ഥാപനങ്ങളും, വ്യക്തികളും വില്പന നികുതി ഇനത്തിൽ എന്ത തുകയുടെ കുടിശ്ശികയാണ് വരുത്തിയിരിക്കുന്നതെന്ന് വെളിടെുത്തുമോ;

(എഫ്) ഇവ പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും പ്രത്യേക പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ 1998-99-ൽ എന്ത് തുക സമാഹരിക്കാൻ കഴിഞ്ഞു;

(ജി) നികുതി സമാഹരണം കാര്യക്ഷമമാക്കുന്നതിന് ഭരണപരമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചട്ടുള്ളത്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 1. നികുതിവെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം സംസ്ഥാനത്തുടനീളം വ്യാപാര സ്ഥാപനങ്ങൾ, വാഹനങ്ങൾ, ഗോഡൗണുകൾ, പാർസൽ ആഫീസുകൾ തുടങ്ങിയവ പരിശോധന നടത്തിവരുന്നു. സംസ്ഥാനന്തര ചരക്കുനീക്കം നിരീക്ഷിച്ച് നികുതിവെട്ടിപ്പ് തടയുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന അതിർത്തി ചെക്ക്പോസ്റ്റുകളും ഇന്റേണൽ ചെക്ക് പോസ്റ്റുകളും പ്രവർത്തിച്ചുവരുന്നു.

2. മാസാന്ത്യ റിട്ടേണുകൾ പരിശോധിച്ച് ടക്സബിൾ ടേണോവറിന്മേൽ അടക്കാൻ ബാദ്ധ്യസ്ഥമായ നികുതി അടച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നു.

3. യഥാസമയം അസസ്മെന്റുകൾ പൂർത്തിയാക്കുകയും കുടശികയ്ക്ക് നോട്ടീസുകൾ അയയ്ക്കുകയും ചെയ്യുന്നു.

4. തപാൽ മാർഗ്ഗവും നേരിട്ടും കുടിശിക നോട്ടീസുകൾ നടത്തുകയും കാലാവധി അവസാനിക്കുന്നമുറയ്ക്ക് നികുതി പിരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

5. കുടിശ്ശികക്കാരെ നേരിട്ടുകണ്ട് തുക പിരിച്ചെടുക്കുന്നു.

6. കുടിശ്ശിക നോട്ടീസുകൾ അയച്ചിട്ടും അടയ്ക്കാത്തവരുടെ മേൽ റവന്യൂ റിക്കവറി, ബാങ്ക് അക്കൗണ്ട് മരവിപ്പിക്കൽ തുടങ്ങിയ നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പു സാമ്പത്തികവർഷം സംസ്ഥാനത്ത് ഇതുവരെ നികുതിവെട്ടിപ്പു നടത്തിയ 26370 കേസുകൾ കണ്ടുപിടിച്ചു. ഇതിൽ 24683 കേസുകളിലായി മൊത്തം 58,26,05,000/- രൂപയുടെ വിൽപ്പന നികുതിവെട്ടിപ്പ് കണ്ടുപിടിച്ചു. കോംപൗണ്ടിംഗ് ഫീസായി 73,71,500/- രൂപയും പെനാൽറ്റിയായി 7,16,31,946/- രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

(സി)&(ഡി) ഉണ്ട്. സാധാരണ കുടിശിക പിരിവ് നടപടിക്രമങ്ങൾക്കു പുറമെ വിൽപ്പന നികുതി നിയമം 23(എ) പ്രകാരം നികുതി പലിശയുടെ 60% ഇളവ് 1997-ലെ ഫിനാൻസ് ആക്റ്റ് പ്രകാരം അനുവദിച്ചിട്ടുണ്ട്. പരമാവധി പലിശ ഇളവ് നികുതി തുകയുടെ 100% ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. 1998-99 സാമ്പത്തികവർഷം കാർഷികാദായനികുതി കുടിശ്ശികയിനത്തിൽ 6.30 കോടി രൂപയും വിൽപ്പന നികുതി കുടിശ്ശികയിനത്തിൽ 68.53 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. ഈ പദ്ധതി 99-2000 സാമ്പത്തികവർഷത്തിലും തുടർന്ന് നടപ്പാക്കിയിട്ടുണ്ട്.

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളും വ്യക്തികളും സഹകാര്യസ്ഥാപനങ്ങളും 31/3/99 ലെ കണക്കനുസരിച്ച് 1106 കോടി രൂപ കുടിശിക വരുത്തിയിട്ടുണ്ട്.

(എഫ്) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി കുടിശ്ശിക മുഴുവൻ പിരിച്ചെടുക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. 1998-99 വർഷം വിൽപ്പനനികുതിയിനത്തിൽ കുടിശ്ശികയായി 68.53 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ കുടിശ്ശികയായി 6.30 കോടി രൂപയും പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(ജി) 1. ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുകയും വാഹനങ്ങളും വ്യാപാരസ്ഥാപനങ്ങളും പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

2. ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ശക്തിപ്പെടുത്തി നികുതിചോർച്ച സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നു.

3. അപ്പീൽ കേസുകളും സ്റ്റേ കേസുകളും വേഗം തീർപ്പാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

4. നികുതി സമാഹരണം സംബന്ധിച്ച് സംസ്ഥാന-ജില്ലാ അവലോകനങ്ങൾ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു.

19 (*75) മെട്രോ റെയിൽവേ സംവിധാനം

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> :
<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> :
<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> :
<u>ശ്രീ. എ. അലി ഹസ്സൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ മെട്രോ റെയിൽവേ സംവിധാനം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly